# Alpha Institute of Theology and Science

Sandesabhavan, Thalassery - 1, Kerala, India

## Bachelors Degree in Theology

**Model Questions**

### ഇന്ത്യൻ സഭാചരിത്രം

1. കേരളത്തിലെത്തിയ പോർട്ടുഗീസുകാരെ മാർത്തോമ്മാ നസ്രാണികൾ എപ്രകാരം സ്വീകരിച്ചു ?
2. പോർട്ടുഗീസുകാരും മാർത്തോമ്മാ നസ്രാണികളും തമ്മിലുള്ള സുഹൃദ്ബന്ധം നഷ്ടപ്പെടാനുള്ള കാരണങ്ങൾ ?
3. കേരളത്തിലെ അവസാനത്തെ കൽദ്ദായ മെത്രാനായിരുന്ന മാർ അബ്രാഹത്തിന് മിഷനറിമാരിൽ നിന്നുണ്ടായ ക്ലേശങ്ങൾ വിവരിക്കുക ?
4. മെനേസീസ് മെത്രാപ്പോലീത്ത അർക്കദിയാക്കോനെക്കൊണ്ട് ഒപ്പുവെപ്പിച്ച പത്തു കാര്യങ്ങൾ ഏവ?
5. ഉദയംപേരൂർ സൂനഹദോസ് വ്യവസ്ഥാപിതമായ രീതിയിൽ നടത്തിയതല്ലെന്ന് റോസ് എസ്.ജെ മെത്രാൻ ഈശോ സഭാജനറാളിന് എഴുതിയകത്തിൽ നിന്ന് വിശദമാക്കുക ?
6. കൂനൻ കുരിശുസത്യം വിവരിക്കുക ?
7. പറമ്പിൽ ചാണ്ടി മെത്രാനെക്കുറിച്ച് ഒരു പഠനക്കുറിപ്പ് തയ്യാറാക്കുക ?
8. പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും എന്ന വിശേഷണങ്ങളുടെ അർത്ഥം വിശദമാക്കുക ?
9. ഫാദർ ജോസഫ് കരിയാറ്റിയുടെയും പാറേമ്മാക്കൽ തോമാകത്തനാരുടെയും റോമായാത്രയെക്കുറിച്ച് വിവരിക്കുക
10. ഒന്നാം മാർ ദിവന്യാസ്യോസിന്റെ പുനരൈക്യം വിവരിക്കുക ?
11. മൂന്നു ഏതദ്ദേശീയ വികാരി അപ്പസ്തോലിക്കമാരെക്കുറിച്ച് വിവരിക്കുക ?
12. കൽദായ മെത്രാൻ മേലൂസിനെക്കുറിച്ച് വിശദീകരിക്കുക ?
13. മാർത്തോമ്മാ നസ്രാണികളും പരാതികളും വിസറ്റർമാരുടെ നടപടികളും വിവരിക്കുക ?
14. മെതേസീസ് മെത്രാപ്പോലീത്തയുടെ കേരളത്തിലെ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു ?
15. അർക്കദിയാക്കോന് നിയമാനുസൃതമായ മെത്രാൻ പട്ടം ലഭിച്ചിരുന്നില്ല  വിശദമാക്കുക ?
16. പദ്രുവാദോ, പ്രൊപ്പാഗാന്താ ഭരണക്രമങ്ങൾ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ?
17. തദ്ദേശീയ ഹയരാർക്കി സ്ഥാപിച്ചുകൊണ്ട് 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ (1960 വരെ) കേരളത്തിൽ തിരു സിംഹാസനം കൈകൊണ്ട നടപടികൾ വിശദീകരിക്കുക ?
18. സീറോ മലങ്കരസഭയുടെ പുനരൈക്യത്തെയും പ്രസ്തുത സഭയുടെ ഹയരാർക്കിയെയുംകുറിച്ച് പഠനക്കുറിപ്പ് തയ്യാറാക്കുക ?
19. യാക്കോബായ സഭയിലെ മാർത്തോമ്മാ I - V മെത്രാപ്പോലീത്താമാരുടെ ഭരണനടപടികൾ ഹ്രസ്വമായി വിശദീകരിക്കുക ?
20. മെത്രാൻകക്ഷി, ബാവാകക്ഷി എന്നിവയുടെ ഉത്ഭവചരിത്രം വിശദമാക്കുക ?
21. അഞ്ഞൂർകാർ (തൊഴിയൂർ സഭ) എന്ന പേരിൽ അറിയപ്പെടുന്ന സഭാസമൂഹത്തെക്കുറിച്ച് വിശദമാക്കുക ?
22. കേരളത്തിലെ മാർത്തോമ്മാസഭയുടെ ഉത്ഭവും വളർച്ചയും വിശദീകരിക്കുക ?
23. മേലൂസ് പക്ഷക്കാർ എന്ന് അറിയപ്പെടുന്നത് ആരാണ് ? വിശദീകരിക്കുക ?
24. റോക്കോസ് ശീശ്മ എന്നാൽ എന്ത് ? ഇതിനെ ചാവറകുര്യാക്കോസ് ഏലിയാസച്ചൻ നേരിട്ടത് എങ്ങനെ ?